**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2957** **14-02-2024 - ൽ മറുപടിയ്ക്ക്**

**കോഴിക്കോട് ജില്ലയിലെ ചക്കിളിയ സമുദായം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | കോഴിക്കോട് ജില്ലയിൽ ചക്കിളിയ സമുദായത്തിനെ പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി ആനുകൂല്യങ്ങൾ നൽകുന്നതിന് പ്രത്യേക സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; എങ്കിൽ ഉത്തരവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | കോഴിക്കോട് ജില്ലയിലെ ചക്കിലിയൻ സമുദായത്തിൽപ്പെട്ടവരെ 02.11.2018-ലെ സ.ഉ.(കൈ)നം.77/2018/പജ.പവ.വി.വ പ്രകാരം പട്ടികജാതി വിഭാഗത്തിൽ ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.<br><br>(പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു) |
| (ബി) | പ്രസ്തുത ഉത്തരവ് നടപ്പിലാക്കുന്നതിന് പ്രായോഗിക തടസ്സങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് പരിഹരിക്കുന്നതിനു നടപടി സ്വീകരിക്കുമോ? | (ബി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അവകാശവാദം സംബന്ധിച്ച് സംശയമുള്ള അപേക്ഷകളിൽ കിർത്താഡ്സ് മുഖേന അന്വേഷണം നടത്തി തീരുമാനം കൈക്കൊണ്ടുവരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

കേരള സർക്കാർ

സംഗ്രഹം

പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് - കോഴിക്കോട് ജില്ലയിലെ ചക്കിലിയൻ സമുദായം - പട്ടികജാതി സംവരണം - അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

## പട്ടികജാതി പട്ടികവർഗ്ഗ വികസന (ജി) വകുപ്പ്

സ.ഉ.(കൈ)നം.77/2018/പജ.പവ.വി.വ തീയതി, തിരുവനന്തപുരം, 02.11.2018

| | | |
|---|---|---|
| പരാമർശം:- | 1) | 21.12.2011-ലെ സ.ഉ.(സാധാ)നം.1321/2011/പജ.പവ.വി.വ നമ്പർ സർക്കാർ ഉത്തരവ്. |
| | 2) | 21.07.2018-ലെ കിർത്താഡ്സ് ഡയറക്ടറുടെ 2290/2017 നമ്പർ റിപ്പോർട്ട്. |

## ഉത്തരവ്

കോട്ടയം ജില്ലയിലെ ചക്കിലിയൻ സമുദായക്കാർ മുൻ തിരു-കൊച്ചി സംസ്ഥാനത്തിലെ സാംബവർ വടകരൈ വില്ലേജിൽ കുടിയേറിപ്പാർത്തവരും, സംസ്ഥാന രൂപീകരണത്തിനു ശേഷം ജോലിസ്ഥായി കോട്ടയം ജില്ലയിലേയ്ക്ക് താമസം മാറ്റിയവരുമായതിനാൽ ഇവർക്ക് അന്തർ സംസ്ഥാന നിയമം ബാധകമല്ലെന്നതുകൊണ്ടും സംസ്ഥാനത്തിന്റെ തന്നെ ഭാഗമായതുകൊണ്ടും പരാമർശം ഒന്ന് പ്രകാരം പട്ടികജാതിയിൽ ഉൾപ്പെടുത്തി ഉത്തരവായിരുന്നു.

കോഴിക്കോട് ജില്ലയിലെ ചക്കിലിയൻ സമുദായക്കാർ തമിഴ്നാട്ടിൽ നിന്നും കുടിയേറിയവരാണ്. ടി സമുദായക്കാർക്ക് പട്ടികജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നില്ലെന്ന് ചൂണ്ടിക്കാട്ടി അനവധി നിവേദനങ്ങൾ സർക്കാരിൽ ലഭിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ സർക്കാർ കിർത്താഡ്സ് ഡയറക്ടറോട് റിപ്പോർട്ട് ആവശ്യപ്പെടുകയും ടി റിപ്പോർട്ട് പരാമർശം രണ്ട് പ്രകാരം കിർത്താഡ്സ് ലഭ്യമാക്കുകയും ചെയ്തു.

കോഴിക്കോട് ജില്ലയിലെ ചക്കിലിയൻ സമുദായക്കാർ ബ്രിട്ടീഷ് ഭരണകാലത്ത് കോഴിക്കോട് നഗരസഭയുടെ കീഴിൽ തോട്ടിപ്പണി ചെയ്യുന്നതിനായി തമിഴ്നാട്ടിൽ നിന്നും കൊണ്ടുവന്ന ചക്കിലിയൻ വിഭാഗത്തിൽപ്പെട്ടവരുടെ പിൻമുറക്കാരാണെന്ന് കോർപ്പറേഷൻ ഹെൽത്ത് ഇൻസ്പെക്ടർ ഉൾപ്പെടെയുള്ള സൂപ്പർവൈസറി ഓഫീസർമാർ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. കോഴിക്കോട് കോർപ്പറേഷനിൽ ദിവസക്കൂലി അടിസ്ഥാനത്തിൽ വർഷങ്ങളോളം ജോലി ചെയ്തശേഷമാണ് ഇവരെല്ലാം സ്ഥിരംജീവനക്കാരായി മാറിയത്. എന്നാൽ ദിവസക്കൂലി അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരെക്കുറിച്ചുള്ള രേഖകൾ കോർപ്പറേഷൻ സൂക്ഷിച്ചുവയ്ക്കാതിരുന്നതു കാരണം സ്ഥിരംജീവനക്കാരായതു മുതൽക്കുള്ള സേവന രേഖകൾ മാത്രമേ ഇവർക്ക് ഹാജരാക്കുവാൻ കഴിഞ്ഞിട്ടുള്ളൂ. തമിഴ്നാട്ടിൽ നിന്നും കുടിയേറിയവരാണെങ്കിലും തങ്ങളുടെ മക്കളെ മലയാളം മീഡിയം സ്കൂളുകളിൽ പഠിപ്പിക്കുകയും, ബന്ധുക്കൾ മരിക്കുമ്പോൾ ശവശരീരം കേരളത്തിൽ സംസ്കരിക്കുകയും ചെയ്തുവരുന്നു. ചക്കിലിയൻ സമുദായക്കാരുമായി വൈവാഹികബന്ധത്തിൽ ഏർപ്പെടുവാൻ മറ്റ് സമുദായക്കാർ ഇപ്പോഴും താൽപ്പര്യപ്പെടാത്തതുകൊണ്ട് വിവാഹം കഴിക്കുന്നതിനായി ഇവർ തമിഴ്നാട്ടിൽ എത്തുകയും അവിടുത്തെ ചക്കിലിയൻ സമുദായക്കാരിൽ നിന്നും വധു/വരന്മാരെ കണ്ടെത്തുകയുമാണ് ചെയ്യുന്നത്. ചക്കിലിയൻ സമുദായക്കാർ സമൂഹത്തിൽ വളരെ താഴ്ന്ന നിലയിലാണ് ജീവിക്കുന്നതെന്നും കിർത്താഡ്സ് നടത്തിയ പഠനത്തിൽ കണ്ടെത്തി.

ഈ സാഹചര്യത്തിൽ കോഴിക്കോട് ജില്ലയിലെ ചക്കിലിയൻ സമുദായക്കാർക്ക് അവർ 1950-ന് മുൻപ് കേരളത്തിൽ കുടിയേറിയവരാണെന്ന കണക്കാക്കി പട്ടികജാതി സർട്ടിഫിക്കറ്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണെന്ന് കിർത്താഡ്സ് ഡയറക്ടർ അറിയിച്ചു.

സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. തങ്ങളുടെ മുൻഗാമികൾ 1950-ന് മുൻപ് കേരളത്തിൽ താമസമാക്കിയിരുന്നുവെന്ന് തെളിയിക്കുന്നതിന് ഉപോൽബലകമായ രേഖകളൊന്നും ഹാജരാക്കുവാനോ ഹാജരാക്കിയ രേഖകളിൽ നിന്നും എന്നാണ് മുൻഗാമികൾ കേരളത്തിൽ എത്തിയതെന്ന് കണ്ടെത്താനുമോ കഴിഞ്ഞിട്ടില്ലെന്ന് കിർത്താഡ്സ് റിപ്പോർട്ട് നൽകിയിട്ടുണ്ട്. എന്നാൽ ഇവർ ബ്രിട്ടീഷ് ഭരണകാലത്തുതന്നെ തോട്ടിപ്പണി ചെയ്യുന്നതിനുവേണ്ടി തമിഴ്നാട്ടിൽ നിന്ന് വന്ന ചക്കിലിയന്മാരുടെ പിൻമുറക്കാരാണെന്ന് ഈ വിഷയവുമായി ബന്ധപ്പെട്ട വ്യക്തികളുടെ സാക്ഷ്യപത്രങ്ങളുടെ അടിസ്ഥാനത്തിൽ അനുമാനിയ്ക്കാവുന്നതാണ്. ആയതിനാൽ കിർത്താഡ്സ് ഡയറക്ടറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും സാമൂഹ്യ പിന്നോക്കാവസ്ഥ കണക്കിലെടുത്തും കോഴിക്കോട് ജില്ലയിലെ ചക്കിലിയൻ സമുദായത്തെ പട്ടികജാതിയിൽ ഉൾപ്പെടുത്തി ഇതിനാൽ ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,
ബിശ്വനാഥ് സിൻഹ
പ്രിൻസിപ്പൽ സെക്രട്ടറി.

To,

1) ഡയറക്ടർ, ദേശീയ പട്ടികജാതി കമ്മീഷൻ, സംസ്ഥാന ഓഫീസ്, തിരുവനന്തപുരം.
2) ലാന്റ്റവന്യൂ കമ്മീഷണർ, തിരുവനന്തപുരം.
3) ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, തിരുവനന്തപുരം.
4) ഡയറക്ടർ, കിർത്താഡ്സ്, ചേവായൂർ, കോഴിക്കോട് - 17.
5) ജില്ലാ കളക്ടർ, കോഴിക്കോട്.
6) റവന്യൂ വകുപ്പ്.
7) സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി.

പകർപ്പ്:- 1) പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായ ക്ഷേമ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.
2) പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എസ്സിന്.
3) വെബ് ആന്റ് ന്യൂ മീഡിയ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ.